# ജി.ഡബ്ല്യു.എൽ.പി.എസ്. ബാര

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026





# ആമുഖം

ശതാബ്ദിയിലെത്തിയ ബാര ഗവൺമെന്റ് എൽ പി സ്കൂൾ ബാരയിലെയും പരിസരപ്രദേശങ്ങളിലും ഉള്ള ആളുകളെ ആദ്യാക്ഷരം പഠിപ്പിച്ച വിദ്യാലയമാണ്. ബേക്കൽ സബ് ജില്ലയിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും മുന്നിൽ നിൽക്കുന്ന വിദ്യാലയമാണിത് ഇന്ന് ഒന്നു മുതൽ നാലു വരെ 89 കുട്ടികളും പ്രീപ്രൈമറിയിൽ 17 കുട്ടികളുമാണ് പഠിക്കുന്നത്. 2025-26 അധ്യായന വർഷത്തിൽ കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ട പ്രവർത്തനങ്ങൾ ആണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

- **പൊതുലക്ഷ്യങ്ങൾ**
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികപരവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായനേട്ടങ്ങൾ ഉണ്ടാക്കി ഉത്തമ പൗരന്മാരാക്കി മാറ്റും.
- മുഴുവൻ കുട്ടികളേയും എഴുതാനും വായിക്കാനും പ്രാപ്തരാക്കൽ
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- വിവര സാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ച പഠനാന്തരീക്ഷം ഉറപ്പുവരുത്തും.
- പൊതുപരീക്ഷയായ എൽ.എസ്.എസിലും മറ്റ് മത്സരപരീക്ഷകളിലും വിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പഠനാന്തരീക്ഷംഒരുക്കും.
  മികച്ച സാമൂഹികപങ്കാളിത്തത്തോടെ സ്കൂളിനെ മികവിന്റെ പാതയിലേക്കുയർത്തും.
- പോഷകസമൃദ്ധമായ ഉച്ചഭക്ഷണം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തും.
- സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.

# GWLP സ്കൂൾ തല
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

ക്ലാസ് : 1

## ആമുഖം

സമഗ്രഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന് പ്രഖ്യാപിച്ച സംസ്ഥാനമാണ് നമ്മുടേത്. ഭൗതികാന്തരീക്ഷം മെച്ചപ്പെട്ട നമ്മുടെ വിദ്യാലയങ്ങളെ അക്കാദമിക മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം. എല്ലാവരെയും ഉൾക്കൊള്ളുന്നതും ഓരോ പഠിതാവിലുമുള്ള ശേഷികളെ തിരിച്ചറിയുന്നതും അവ പരിപോഷിപ്പിക്കുന്നതിലൂടെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതുമാകണം നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനം.

2025 - 26 അധ്യയനവർഷത്തിൽ ഒന്നാം ക്ലാസിലെ ഓരോ കുട്ടിയുടെയും പഠനം ഏറ്റവും ഉയർന്ന നിലവാരത്തിലെത്തിക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള കർമ്മ പദ്ധതിയുടെ രൂപരേഖയാണിത്. വ്യത്യസ്തമായ സാമൂഹിക- മാനസിക- സാമ്പത്തിക പശ്ചാത്തലമുള്ളതും അതോടൊപ്പം ശാരീരിക-വൈകാരിക തലങ്ങളിലും വ്യത്യസ്ത നിലവാരവുമായി നമുക്ക് മുന്നിലെത്തുന്ന ഓരോ കുട്ടിയെയും, അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തിലെ തിളങ്ങുന്ന വ്യക്തിത്വമായി മാറുക എന്ന ആത്യന്തികലക്ഷ്യത്തിലേക്കുള്ള ആദ്യ ചുവടുവെപ്പാണ് ഈ മാസ്റ്റർപ്ലാൻ.

ക്ലാസ് : 1

വിഷയം: കേരളപാഠാവലി. ഭാഗം 1.

യൂണിറ്റ് :: പറവ പാറി.
• പൂവ് ചിരിച്ചു.
• മാനത്ത് പട്ടം
• പിറന്നാൾ സമ്മാനം.
• പിന്നെ പിന്നെ ചെറുതായ് പാലവും.
• മണ്ണിലും മരത്തിലും
• പെട്ടങ്ങനെ പെട്ടെ.
ആഹാ! എന്ത് സ്വാദ്!

പഠനലക്ഷ്യങ്ങൾ:

• തീമിനെ അടിസ്ഥാനമാക്കിയുള്ള പാട്ടുകൾ, കഥകൾ, കഥാഗാനങ്ങൾ എന്നിവ കേട്ട് അവയെക്കുറിച്ച് വാചിക പ്രതികരണങ്ങൾ നടത്താൻ കുട്ടി പ്രാപ്തിനേടുന്നു.

• ചെറുസദസ്സിനു മുമ്പിൽ കഥ ഭാവാത്മകമായി പറയുന്നതിന് കുട്ടി പ്രാപ്തിനേടുന്നു.

• കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയചോർച്ച ഇല്ലാതെയും ഭാവം ഉൾക്കൊണ്ടും സ്വന്തം ഭാഷയിൽ അവതരിപ്പിക്കാനുള്ള കഴിവ് കുട്ടി സ്വായത്തമാക്കുന്നു.

• പരിചിതമായ പാട്ടുകൾക്ക് അനുയോജ്യമായ താളം നൽകി ഒറ്റയ്ക്കും കൂട്ടായും സദസ്സിനുമുമ്പിൽ ഭാവാത്മകമായി അവതരിപ്പിക്കാനുള്ള പ്രാപ്തി കുട്ടി നേടുന്നു.

• ആവശ്യപ്പെടുന്ന ലളിതമായ നിർദ്ദേശങ്ങൾ കേട്ട് പലഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾ മനസിലാക്കി പൂർത്തീകരിക്കുവാനുള്ള കഴിവ് നേടുന്നു.

• വസ്തുക്കൾ സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ വാചികമായി അവതരിപ്പിക്കുന്നതിനുള്ള കഴിവ് കുട്ടി സ്വായത്തമാക്കുന്നു.

• അക്ഷരങ്ങളുടെ വലുപ്പം, ചരിവ് ആലേഖനക്രമം എന്നിവ പാലിച്ച് മലയാള അക്ഷരങ്ങൾ എഴുതി വാക്കുകളും ചെറുവാക്യങ്ങളും പൂർത്തിയാക്കാൻ കുട്ടിക്ക് കഴിയുന്നു.

• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതാൻ കുട്ടി പ്രാപ്തിനേടുന്നു.

• പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ പാഠങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കാൻ കുട്ടിക്ക് സാധിക്കുന്നു.

• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും രചനകൾ താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിന് കുട്ടി പ്രാപ്തിനേടുന്നു.

• ഓരോ ദിവസത്തെയും മനസിൽ തങ്ങിയ അനുഭവങ്ങളുമായി ബന്ധപ്പെട്ട പ്രധാനകാര്യങ്ങൾ ചെറുവാക്യങ്ങളിൽ ചിത്രീകരണ സഹിതം സഹായത്തോടുകൂടി എഴുതാൻ കുട്ടി പ്രാപ്തിനേടുന്നു.

• സചിത്ര പുസ്തകങ്ങൾ വായിച്ച് കഥ മറ്റുള്ളവരുമായി പങ്കിടുന്നതിന് കുട്ടി പ്രാപ്തനാകുന്നു.

• ചിത്രസൂചകങ്ങളിൽ നിന്നും കഥ വികസിപ്പിച്ചെഴുതി പങ്കിടുന്നു. സ്വന്തം കഥകൾക്ക് ചിത്രീകരണം നടത്തുന്നു.

• പാട്ടുകളുടെയും കവിതകളുടെയും വരികൾ താളം പാലിച്ചും ആംഗ്യം ഉൾക്കൊണ്ടുകൊണ്ടും. വിട്ടുപോയ വാക്കുകൾ ചേർത്ത് പൂരിപ്പിക്കുന്നു.

• കഥാവേളകളിലും റീഡേഴ്സ് തിയേറ്ററുകളിലും ചെറുസദസിനു മുമ്പാകെ കഥാഭാഗങ്ങൾ/സംഭാഷണ ഭാഗങ്ങൾ നല്ല ഭാവാത്മകമായി വ്യക്തതയോടെ വായിച്ചവതരിപ്പിക്കുന്നു.

• ഇഷ്ടപ്പെട്ട പ്രമേയത്തെ ആസ്പദമാക്കി സ്വന്തമായി കഥകൾ നിർമ്മിക്കുന്നതിന് കുട്ടി പ്രാപ്തനാകുന്നു.

• ക്ലാസ് നിലവാരത്തിനനുസരിച്ച് വായനാ സാമഗ്രികൾ വായിക്കുന്നു.

• സ്വന്തമായി ചെറുകവിതകളും പാട്ടുകളും നിർമ്മിക്കുന്നതിന് കുട്ടി പ്രാപ്തനാകുന്നു.

കലാവിദ്യാഭ്യാസം:

• വിവിധ വസ്തുക്കൾ, അവസ്ഥകൾ ജീവജാലങ്ങൾ സന്ദർഭങ്ങൾ എന്നിവ കൂട്ടായി നിസങ്കോചം സദസിനുമുമ്പാകെ അഭിനയിക്കാൻ കുട്ടി പ്രാപ്തിനേടുന്നു.

• കേട്ടതോ വായിച്ചതോ ആയ കഥയിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം സദസിനുമുമ്പാകെ അവതരിപ്പിക്കാൻ കുട്ടികൾ പ്രാപ്തിനേടുന്നു.

* ചുറ്റുപാടുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് /തീമുമായി ബന്ധപ്പെട്ട് സ്വയം രൂപപ്പെടുത്തിയതോ നിർദ്ദേശിക്കുന്നതോ ആയ സന്ദർഭങ്ങൾ സ്വതന്ത്രമായി ചിത്രീകരിക്കുവാൻ കുട്ടിക്ക് കഴിയുന്നു.

* സൗന്ദര്യബോധവികാസത്തിന് സഹായകമായ രീതിയിലുള്ള ചെറുനിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടാൻ കുട്ടിക്ക് കഴിയുന്നു.

പ്രവർത്തന കലണ്ടർ : ജൂൺ - സെപ്റ്റംബർ.

* പൂർണ പങ്കാളിത്തമുള്ള ക്ലാസ്. പി.ടി.എ ഉറപ്പുവരുത്തണം.

* പഠനോപകരണ നിർമ്മാണ ശില്പശാലകൾ.

* രക്ഷിതാവ് കുട്ടികൾക്ക് ഭാവാത്മകമായി കഥ വായിച്ചു കേൾപ്പിക്കാനുള്ള വായനോത്സവം.

* വായിച്ചുകേട്ട കഥ ആശയചോർച്ചയില്ലാതെ ഭാവാത്മകമായി ക്ലാസിൽ അവതരിപ്പിക്കുന്ന കഥാവേള.

* ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനും ഉള്ള വായനാകാർഡ് നിർമ്മാണം. വായനാവേള.

* പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സന്ദർഭോചിതമായി അവതരിപ്പിക്കുന്ന പാട്ടരങ്ങ്

* പ്രധാനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ കുട്ടിയുടേയും സംയുക്തവിലയിരുത്തൽ പ്രവർത്തനങ്ങൾ നടത്തി മനസ്സിലാക്കുന്നു.

* സംയുക്തഡയറി - CPTA വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ

* മുൻവർഷ ഡയറിയും, രക്ഷിതാക്കളുടെ അനുഭവങ്ങളും പങ്കുവെക്കൽ.

* കുട്ടിയോടൊപ്പമിരുന്ന് സംയുക്ത ഡയറി എഴുതി

പ്രക്രിയ മനസിലാക്കൽ

* ഭാഷ സംസ്ക്കാരങ്ങളിലൂടെ പൂർണരൂപത്തിലേക്ക്.
* അച്ചടിച്ച വരികളുടെ പ്രകാശനം.

കലാവിദ്യാഭ്യാസം, ആരോഗ്യകായിക വിദ്യാഭ്യാസം

* തിയേറ്റർ ഗെയിം.
* റോൾപ്ലേ.
* ചമഞ്ഞുകളി.
* പാവനാടകം.

ഗണിതം:

* ഒറിഗാമി രൂപനിർമ്മാണം
* എന്റെ ഗണിത സഞ്ചിനിർമ്മാണം.
* അമ്മമാരുടെ ശില്പശാല.
* രംഗോമെട്രി.
* ഡൈസുപയോഗിച്ചുള്ള വിവിധതരം കളികൾ.

# രണ്ടാം ക്ലാസ്സ്

## ആമുഖം

GWLPS ബാരയിൽ 2025-26 സാധ്യായവർഷം രണ്ടാം ക്ലാസിൽ 20 കുട്ടികൾ പഠിക്കുന്നു. ഈ വർഷം രണ്ടാം ക്ലാസിൽ എത്തിയ കുട്ടികൾക്ക് രണ്ടാം ക്ലാസിലെ എല്ലാ ശേഷികളും ലഭിച്ചു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ഓരോ വിഷയത്തിലും ആസൂത്രിതമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസർ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

<u>വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം</u>:
ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.

- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.സാ

കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.
സംഖ്യാബന്ധങ്ങൾ ,സംഖ്യാ വ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു..... രീതി. വിശദീകരിക്കുന്നു .

- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിൻ്റെ അംഗീകാരം ലഭ്യമാകും.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഉൾച്ചേർക്കൽ) പഠന പ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കൽ
ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാരാപ്തരാക്കുന്ന ലാംഗ്വേജ് അക്ക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക .

**<u>സംയുക്ത ഡയറി</u>**

രക്ഷിതാവിന്റെ/അധ്യാപികയുടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിമിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

**<u>ലക്ഷ്യങ്ങൾ</u>**

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
മാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
. അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

**പ്രവർത്തനഘട്ടങ്ങൾ**

* സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു ആദ്യവാരം) (
ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിൻ്റെ ഘടനയെ പരിചയപ്പെടുത്തുന്നു
രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
. എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
ജൂൺ മുതൽ ആരംഭിക്കുന്നു.
* ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
. കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
. സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
. എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

**ചുമതല**

ക്ലാസ് ടീച്ചർ,പി.ടി.എ. പ്രധാനാധ്യാപകൻ
സാമ്പത്തികം
എസ്. എസ്. കെ. പി.ടി.എ

**പാട്ടരങ്ങ്**

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.
കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു.
പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്.
മിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ പാട്ടരങ്ങിലൂടെ കഴിയും.
സർഗാത്മകമാക്കാൻ

**ലക്ഷ്യങ്ങൾ**

താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും
ഈണം നൽകി മാവാത്മകമായി അവതരിപ്പിക്കുന്നു.
കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു
ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കുട്ടിച്ചേർക്കുന്നു.
മിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
മാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)

ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം) പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കുടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്ക്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രവരി വരെ) മാഷോത്സവത്തിൻ്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**ചുമതല**

ക്ലാസ് ടീച്ചർ,പി.ടി.എ. പ്രധാനാധ്യാപകൻ

സാമ്പത്തികം

എസ്. എസ്. കെ. പി.ടി.എ

**സചിത്ര പുസ്തകം**

2023-24 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്.. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.

പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2024 മെയ്)

വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2024 ജൂൺ 10)

ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2024 ജൂൺ 15 )

സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2024 ആഗസ്റ്റ്, 2024 ഡിസംബർ)

**ചുമതല**

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ
സാമ്പത്തികം
ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

**റീഡേഴ്സ് തിയേറ്റർ**

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യങ്ങൾ**

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്ററിന്റെപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
പാഠപുസ്തകങ്ങളിലെയും ബാലസാഹിത്യകൃതികളിലെയും സന്ദർമങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും. (2024 ജൂൺ മൂന്നാം വാരം)
ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സമകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
മാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

**ചുമതല**

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ
സാമ്പത്തികം
ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

**ക്ലാസ് പത്രം**

രണ്ടാം ക്ലാസിലെ മാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്സ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്സ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിൻ്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പ്രതത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലുടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യങ്ങൾ**

മാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരി പ്പിക്കുന്നു.
രചനാ ശേഷി പരിപോഷിപ്പിക്കുന്നു..
വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ മാഷാ പഠനം സാധ്യമാക്കുന്നു
സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

• ക്ലാസൂത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
. ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു, പിന്തുണ ഉറപ്പാക്കുന്നു. ജൂലൈ അവസാനം)

**ചുമതല**

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ
സാമ്പത്തികം
ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

**ക്ലാസ് പത്രം**

രണ്ടാം ക്ലാസിലെ മാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്ത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്ത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിൻ്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പ്രതത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലുടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യങ്ങൾ**

ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരി പ്പിക്കുന്നു.
രചനാ ശേഷി പരിപോഷിപ്പിക്കുന്നു..
വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ മാഷാ പഠനം സാധ്യമാക്കുന്നു
സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ
പറയാനും എഴുതാനും കഴിയുന്നു.
പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.
പ്രവർത്തനഘട്ടങ്ങൾ :

• ക്ലാസൂത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
. ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു, പിന്തുണ ഉറപ്പാക്കുന്നു. ജൂലൈ അവസാനം)
. കുട്ടികൾ രക്ഷിതാവിൻറെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ / ചിത്രങ്ങൾ ഉൾപ്പെടു ത്തുന്നു.
അധ്യാപികയുടെ നേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
. ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
• രചനോത്സവത്തിൽ പ്രദർശനം, അവതരണം
വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
• മാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**ചുമതല**

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ
സാമ്പത്തികം
ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

**രചനോത്സവം**

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം കാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

**ലക്ഷ്യങ്ങൾ**

. എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നു. വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ
. കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടി പ്പിക്കുന്നു
പ്രവർത്തന ഘട്ടങ്ങൾ
. രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2-ാ വാരം)
.സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3-ാം വാരം) പദ്ധതി അവതരിപ്പിച്ച്
. പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി )
. രചനോത്സവത്തിൻ്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്റ്റംബർ, ഡിസംബർ, മാർച്ച് 2025)
. കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

**ചുമതല**

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ
സാമ്പത്തികം
ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

English:

Learning Objectives:

* Listen to narratives & teacher talk and show signs of understanding verbally and nonverbally.

* Comprehend the instruction of the teacher and respond accordingly.

* familiarise with phatic communication expression such as Hello, I am sorry, Thank you, bye etc.

Activities: June - Sept.

Games, Action songs, story telling, conversation Animated stories for the development of listening skills.

Identify the naming words and action words from the pictures and make simple sentences.

Growing sentences, Picture reading, self introduction, English assembly.

| | | |
|---|---|---|
| | ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഉൾപ്പെടെ അക്ഷരത്തിൽ മരത്തിൽ ഒട്ടിക്കുക<br>* നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽ നിന്നും കണ്ടെത്തൽ | |
| 3 | • കുട്ടികൾക്ക് വേണ്ടി അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശില്പശാല നടത്തുന്നു. (പ്രദർശിപ്പിക്കുന്നു.)<br>• അക്ഷര പഠനം (ചിത്രങ്ങൾ നൽകി)<br>• അക്ഷര കാർഡ് നൽകി വാക്ക് നിർമ്മാണം. | ആഗസ്റ്റ് |
| 4 | * വളരുന്ന അക്ഷര ലൈബ്രറി (ഓരോ ആഴ്ചയിലും 5 ദിവസത്തേക്ക്, 5 അക്ഷരങ്ങൾ നൽകുന്നു) അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ, പദങ്ങൾ മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു<br>• ഓണപ്പതിപ്പ് (ചിത്രങ്ങൾ, പദങ്ങൾ, പാട്ടുകൾ)<br>* ഫീൽഡ് ട്രിപ്പ് - കൃഷിയിടത്തിലേക്ക് (പച്ചക്കറികൾ തിരിച്ചറിയുന്നു. പേരുകൾ എഴുതുന്നു.) | സെപ്റ്റംബർ |
| 5 | * ചിത്രം നൽകി വായനാ കാർഡ് നിർമ്മാണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ വീട്ടിൽ നിന്ന്)<br>* പദ ചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ<br>* അക്ഷരം അറിയാം (ചിഹ്നങ്ങൾ ചേർക്കുന്ന പ്രവർത്തനം)<br>* ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദ നിർമ്മാണം<br>* തെറ്റ് തിരുത്തൽ. | ഒക്ടോബർ |

| | | |
|---|---|---|
| 5 | കഥോത്സവം<br>* കുട നാടകങ്ങൾ ശേഖരണം<br>* നാടകങ്ങൾ അവതരണം<br>* കഥാപാത്ര ചിത്രീകരണം<br>* സ്വന്തം ആശയത്തിൽ കഥാവതരണം<br>* കഥാപൂരണം<br>* ചില കഥകൾ പാവനാടകമാക്കി അവതരിപ്പിക്കൽ<br>* കഥോത്സവം<br>* നാടകങ്ങൾ പറയുന്ന ഗുണപാഠങ്ങൾ കണ്ടെത്തൽ.<br>* ടീച്ചർ കഥ അവതരിപ്പിക്കുന്നു.<br>* ഓരോ കഥകളുടെയും അവതരണത്തിന് ശേഷം ഉള്ളടക്ക ചർച്ച. | ആഗസ്റ്റ് |
| 6 | നിഘണ്ടു പരിചയം<br>* മലയാള അക്ഷരങ്ങൾ അകാരാദി ക്രമത്തിൽ എഴുതുന്നു. നിഘണ്ടുവിൽ വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു. | ജൂലായ് - മാർച്ച് |

ലക്ഷ്യം:- അടിസ്ഥാന വ്യഞ്ജനങ്ങളുടെ അക്ഷര തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

| Sl No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | * കുട്ടിക്കൊരു കഥ പറയൽ<br>* അവധിക്കാല അനുഭവങ്ങൾ പറയൽ<br>* ഞാനും മൂന്നാം ക്ലാസിലേക്ക് (രക്ഷിതാക്കൾക്ക് മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാ ശേഷികളെ കുറിച്ച്, കുട്ടികൾക്ക് നൽകേണ്ട പിന്തുണയെ കുറിച്ച് ബോധവത്കരണ ക്ലാസ്) | ജൂൺ |
| 2 | കുട്ടികളുടെ സഹായത്താൽ അക്ഷര കാർഡുകൾ നിർമ്മിച്ചു നൽകുന്നു. വളരുന്ന ക്ലാസ് അക്ഷരമരം | |

| | | |
|---|---|---|
| | ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഉൾപ്പെടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കുക<br>* നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽ നിന്നും കണ്ടെത്തൽ | |
| 3 | • കുട്ടികൾക്ക് വേണ്ടി അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശില്പശാല നടത്തുന്നു. (പ്രദർശിപ്പിക്കുന്നു.<br>• അക്ഷര പൂരണം (ചിത്രങ്ങൾ നൽകി)<br>• അക്ഷര കാർഡ് നൽകി വാക്ക് നിർമ്മാണം. | ആഗസ്റ്റ് |
| 4 | * വളരുന്ന അക്ഷര ലൈബ്രറി (ഓരോ ആഴ്ചയിലും 5 ദിവസത്തേക്ക്, 5 അക്ഷരങ്ങൾ നൽകുന്നു) അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ, പദങ്ങൾ മാസികകൾ പത്രങ്ങളിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു.<br>• ഞാനെഴുതിയ (ചിത്രങ്ങൾ, പദങ്ങൾ, പാട്ടുകൾ)<br>• ഫീൽഡ് ട്രിപ്പ് - കൃഷിയിടത്തിലേക്ക് (പക്ഷികളെ തിരിച്ചറിയുന്നു. പേരുകൾ എഴുതുന്നു.) | സെപ്റ്റംബർ |
| 5 | * ചിത്രം നൽകി വായനാ കാർഡ് നിർമ്മാണം (കുട്ടികളുടെ പങ്കാളിത്തത്തോടെ വായിക്കൽ<br>* പദ ചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ<br>* അടയാളം അറിയിക്കാം (ചിഹ്നങ്ങൾ ചേർക്കുന്ന പ്രവർത്തനം)<br>* ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദ നിർമ്മാണം<br>* തെറ്റ് തിരുത്തൽ. | ഒക്ടോബർ |

# പരിസര പഠനം

## 1. ലക്ഷ്യം

ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾ കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കൽ ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| Sl No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ഞാനും എന്റെ പരിസരവും<br>ജൈവ വൈവിധ്യ ഉദ്യാന സന്ദർശനം സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ. മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം സസ്യങ്ങളുടെ വളരുന്ന രീതിയെ മനസ്സിലാക്കൽ<br>പൂന്തോട്ടം ഒരുക്കാം<br>• ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ ജനുവരി |

ലക്ഷ്യം 2: പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| | | |
|---|---|---|
| 1 | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം.<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>• ഫീൽഡ് ട്രിപ്പ്<br>• ജീവജാലങ്ങളുടെ പരസ്പരാശ്രയത്വം – ചർച്ച. | ജൂൺ - ഒക്ടോബർ |

| | | |
|---|---|---|
| | * നമ്മുടെ ചുറ്റുപാടുകളിലെ മലിനീകരണ പ്രശ്നം<br>* തെറ്റുകൾ വിലയിരുത്താം സ്വയം തിരുത്താം.<br>* പ്രകൃതിക്ക് ദോഷമുണ്ടാക്കുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം (ഡോക്യുമെന്ററി പ്രദർശനം)<br>* ചർച്ച - തെറ്റും ശരിയും | |
| 2 | <u>പൂന്തോട്ടം ഒരുക്കാം</u><br>* സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>* വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ മാർച്ച് |
| 3 | <u>ഒരു തൈ നടാം</u><br>* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>* നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ |
| 4 | <u>പോസ്റ്റർ നിർമ്മാണം</u><br>* പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>* പരിസരങ്ങളിൽ പതിക്കൽ | മാർച്ച് മെയ് |
| 5 | <u>ദാഹജലം</u><br>* പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | മാർച്ച് മെയ് |

<u>ലക്ഷ്യം</u>: 3 കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| | | |
|---|---|---|
| 1 | <u>ദിനകൃത്യങ്ങൾ</u><br>* ഓരോ ദിനവും പ്രധാന കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കണം.<br>* കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനും നൽകണം. | ജൂൺ മാർച്ച് |

| | | |
|---|---|---|
| 2 | നമ്പർ വൺ<br>* ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>* വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ മാർച്ച് |
| 3 | ~~അമ~~ പരിസര നടത്തം<br>* നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം സർവേ<br>* മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>* പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ജൂൺ ഡിസംബർ |
| 4 | നല്ല ശീലം<br>* പോസ്റ്ററുകൾ തയ്യാറാക്കാം<br>* പരിസരങ്ങളിൽ പതിക്കുന്നു. | ജൂലൈ മാർച്ച് |

ലക്ഷ്യം-4

ശാസ്ത്ര വിഷയങ്ങളിൽ അടിസ്ഥാനപരമായി താൽപര്യം വളർത്തുക.

| | | |
|---|---|---|
| 1 | ഫീൽഡ് ട്രിപ്പ്<br>- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാവ് etc..) | ജനുവരി മാർച്ച് |
| 2 | പരീക്ഷണങ്ങൾ<br>ശാസ്ത്ര നൈപുണി വളർത്തുന്ന പരീക്ഷണങ്ങളിൽ പങ്കെടുക്കുന്നു. | ഡിസംബർ ഫെബ്രുവരി |
| 3 | പരീക്ഷണം - കുട്ടി ശാസ്ത്രജ്ഞന്മാർ<br>ഓരോ കുട്ടിയും വ്യത്യസ്ത പരീക്ഷണങ്ങൾ കണ്ടെത്തുന്നു. വിവരിക്കുന്നു. | മാർച്ച് |

| | | |
|---|---|---|
| 6 | * ചിത്ര വായന<br>* ചിത്രം നോക്കി കഥ പറയാം<br>* ക്ലാസ്സിൽ പറയുന്ന പദം മറ്റു ക്ലാസ്സുകാർ പുസ്തകം, വായനാകാർഡ് നോക്കി പറയൽ<br>* കഥാപാത്രങ്ങളെ കണ്ടെത്തൽ (ചെവിയിൽ പറഞ്ഞ്) സംഭാഷണം | നവംബർ |
| 7 | * കൂട്ട വായന - കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു.<br>* വായന ചങ്ങല - വായനാകാർഡ് നൽകൽ<br>* ചിത്രം നൽകി വിവരണം എഴുതൽ | ഡിസംബർ |
| 8 | * ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ<br>* രക്ഷിതാക്കൾക്ക് കവിത രചന മത്സരം തെരഞ്ഞെടുത്തവ ക്ലാസിൽ വായന കാർഡ് ആക്കൽ<br>* വായന കാർഡിൽ വരികൾ കൂട്ടിച്ചേർക്കൽ രക്ഷിതാക്കളും കുട്ടികളും തമ്മിലവതരണം. | ജനുവരി |
| 9 | * കുഞ്ഞു വായന ഗുണപാഠ കഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങളായി നൽകുന്നു. ചിത്രങ്ങൾക്ക് താഴെ കഥാസന്ദർഭം എഴുതി പൂർത്തിയാക്കൽ<br>* കൈയെഴുത്ത് മാസിക<br>* ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക.<br>* കഥ പൂർത്തിയാക്കൽ<br>* ചിത്രം നോക്കി കഥ പറയലും കഥ എഴുതലും. | ഫെബ്രുവരി. |

| | | |
|---|---|---|
| 10 | * വായനാക്കുറി രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായനക്കാർഡ് നിർമ്മാണം<br>* കഥാരചന അവതരണം | മാർച്ച് |

English

Aim: To speak, Read and write English without any mistakes.

| Sl NO | Activities. | Duration |
|---|---|---|
| 1 | Pretest<br>To check the vocabulary and writing skills of pupils. | June. |
| | To develop listening skills and reading skills | June July |
| | Listening skills<br>1. Games, Action songs Hello English activities<br>2. Conversation, Skit, stories use ICT<br>Speaking Skills<br>1. Identify the naming words from the picture.<br>2. Identify the action words from the same picture.<br>3. Make simple sentences using the action word and naming words about the picture.<br>4. Make symbol description about the picture.<br>5. Growing sentences, picture reading, self introduction Assembly are also conducted.<br>Activities: Speech, book review, quiz riddles, | |

self introduction, school ration etc...

| | |
|---|---|
| ~~Aug~~ Develop the creative speaking and writing<br><br>Reading skills.<br><br>1. News paper reading, library books reading, book review, reading breaking news<br>2. find words<br>3. collect and read past tense<br>4. rhyming words.<br>5. describing words etc...<br>6. Textbook activities<br><br>Writing skills<br><br>1. make word web.<br>2. Picture description with describing words<br>3. word chain sentence chain<br>4. Make words & sentences.<br>5. Make riddles, conversations.<br>6. Add more line.<br><br>Activities<br>Speech, book review, quiz riddles, self introduction, ~~school oration~~ makes description, magazines etc... | August and september. |

| | | |
|---|---|---|
| 6. Reads letter from frriends<br>writing skills<br>1. drary<br>2. letter<br>3. announcement<br>Activities - speech, quiz, riddles, makes magazines, skits, class room, post office etc. | | |
| To improve the presentation power<br>Reading skill<br>1. News paper reading, library books reading, book review, reading.<br>2. conversation, skit stories use ICT materials<br>3. Reads breaking news<br>4. develop story<br>5. Reads drary<br>6. Reads letter from friends.<br>writing skills<br>1. diary<br>2. letter<br>3 Announcement<br>4. Description<br>5. Notice proclamation<br>6. Thought<br>Activities: speech, quiz, riddles. school skits, exhibition etc.. | February march. | |

| | |
|---|---|
| To express thoughts feelings etc.<br>Reding skill<br>1. News paper reading, library books reading, book review, reading.<br>2. Conversations, skit, stories use ICT materials.<br>3. Reads breaking news.<br>4. develop story<br>5. Read notice.<br>Writing skills<br>1. description<br>2. notice proclamation<br>3. Thought<br>Activities - speech, quiz, riddles, school and makes magazines, skits etc.. | october november |
| 1. Develop the creative speaking and writing<br>2. To express thoughts feelings etc...<br>Reading skill<br>1. News paper reading, library books reading, book review, reading<br>2. Conversation, skit stories use ICT materials.<br>3. Read breaking news<br>4. develop story<br>5. Reads diary | December and January |

## ഗണിതം

ലക്ഷ്യം 1

നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്കായി ഗണിതത്തിന്റെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. തരംതിരിക്കുന്നു. നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതീയ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയുള്ള പാറ്റേണുകൾ നിർമ്മിക്കുന്നു. നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാട് നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു. യുക്തി സമർത്ഥിക്കുന്നു. പാറ്റേണുകൾ വരയ്ക്കുന്നു.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | പ്രവേശനോത്സവം<br>* വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം. രൂപങ്ങൾ തിരിച്ചറിയൽ പ്രത്യേകതകൾ മനസ്സിലാക്കൽ<br>* ഗണിത രൂപങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള അലങ്കാര മാല നിർമ്മാണം<br>രൂപങ്ങൾ കണ്ടെത്തൽ<br>* ഗണിത രൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ<br>* ഗണിത രൂപ ചിത്ര പതിപ്പ് നിർമ്മാണം<br>* ചിത്ര പാറ്റേണുകൾ പരിചയപ്പെടൽ<br>* ചിത്ര പാറ്റേൺ ഭംഗിയിൽ തയ്യാറാക്കൽ<br>* വെജിറ്റബിൾ പ്രിന്റിംഗ് തയ്യാറാക്കൽ<br>* തീപ്പെട്ടി കമ്പ് ഉപയോഗിച്ച് കൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം | ജൂൺ |

ലക്ഷ്യം 2 മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക.

| | | |
|---|---|---|
| 1 | കളം നിറയ്ക്കാം<br>1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാന കളത്തിൽ തിരിച്ചറിഞ്ഞ് സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക | ജൂലായ് |
| 2 | നറുക്കെടുക്കാം<br>സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. കിട്ടിയ സംഖ്യ വായിക്കാം<br>മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ഒക്ടോബർ |
| 3. | 10 ചങ്ങാതിമാർ<br>സംഖ്യ നറുക്ക് എടുക്കുന്നു.<br>കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം | ഒക്ടോബർ |
| 4 | പാറ്റേൺ പൂർത്തിയാക്കാം<br>വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ഒക്ടോബർ സെപ്റ്റംബർ |
| 5 | ക്രമത്തിലാക്കാം<br>വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>ആരോഹണക്രമം, അവരോഹണക്രമം എഴുതുക. | ഒക്ടോബർ ഓഗസ്റ്റ് |

ലക്ഷ്യം 3 മൂന്നാം ക്ലാസിലെ എല്ലാവർ കുട്ടികളും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

| | | |
|---|---|---|
| 1 | കൂട്ടലെഴുത്താം<br>ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>കളി നോട്ട് ഉപയോഗിച്ച് 1, 10, 100, 1000, 2000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ഒക്ടോബർ |
| 2 | സംഖ്യാ സൂചന<br>ഓരോ കുട്ടിയും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറി എഴുതുന്നു. | 2 ആഴ്ച |
| 3 | ക്രമീകരിക്കാം<br>അബാക്കസ് നിർമ്മാണം<br>സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | ഒക്ടോബർ<br>സെപ്റ്റംബർ |

ലക്ഷ്യം : മൂന്നാം ക്ലാസിലെ എല്ലാവർ കുട്ടികളും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ അവസരം ഒരുക്കൽ

| | | |
|---|---|---|
| 1 | ക്ലാസിൽ ഒരു കട (കുഞ്ഞിക്കട) / ലൈവ് കണക്ക്<br>- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം അരി etc... ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>- നോട്ട്, നാണയ പാത്രങ്ങൾ ക്രമീകരിക്കുന്നു. | ഫെബ്രുവരി. |

| | | |
|---|---|---|
| 3 | **ക്രോഡീകരണം**<br>* വിവിധക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>* കുട്ടികൾക്ക് സംഖ്യ നമ്പറുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>* കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി അത് കളത്തിൽ ഒട്ടിക്കുന്നു | ഓഗസ്റ്റ് ഫെബ്രുവരി. |

# GWLP സ്കൂൾ ബാറ

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

ക്ലാസ് : 4

ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ലക്ഷ്യത്തോടെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ഓരോ കുട്ടിയും ഓരോ യൂണിറ്റായി കണ്ടു കൊണ്ടുള്ള പഠനാസൂത്രണം നാം നടത്തേണ്ടതുണ്ട്.

ഈ ഒരു പഠന കാലയളവിൽ കുട്ടി നേടിയെടുക്കേണ്ട ശേഷിയെപ്പറ്റിയും മൂല്യ മനോഭാവങ്ങളെ കുറിച്ചും വ്യക്തമായ ഒരു ആസൂത്രണം നമ്മുടെ മുന്നിൽ ഉണ്ടാവേണ്ടതാണ്.

## ലക്ഷ്യങ്ങൾ

- പഠന സമഗ്രഗുണങ്ങളെ ഉറപ്പുവരുത്തുക
- ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ സ്വീകരിക്കാൻ പ്രാപ്തരാക്കുക.
- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികളെയും വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക
- കുട്ടികളെ മികച്ച പ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
- മുഴുവൻ കുട്ടികൾക്കും അക്കാദമിക · കായിക ക്ഷമത ഉറപ്പാക്കുക
- സഹജീവി സ്നേഹം, അറിവ്, ആർദ്രത, സഹിഷ്ണുത, അനുതാപം, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക.

## മലയാളം

### ജൂൺ

- അനുഭവം പങ്കിടൽ :- യാത്രാനുഭവം, അവധിക്കാല അനുഭവങ്ങൾ വാക്കുകളിലൂടെയും എഴുത്തിലൂടെയും അവതരിപ്പിക്കൽ
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ്
- അവധിക്കാല വായന :- അവധിക്കാലത്ത് പരിചയപ്പെട്ട പുസ്തകങ്ങൾ അറിവുകൾ പങ്കുവെക്കൽ
- ക്ലാസ്സ് ലൈബ്രറി രൂപപ്പെടുത്തൽ
- വായനയും ആസ്വാദനവും - വായിച്ച കഥകൾ രചനാത്മക കുറിപ്പിലൂടെ അവതരണം.
- വായനദിനം - വായനവാരമായി ആചരിക്കൽ

### ജൂലൈ

- രചനാ ശില്പശാല •
- അമ്മമാരുടെ വായന
- കുട്ടികളുടെ പുസ്തകങ്ങൾ സംഘടിപ്പിക്കൽ
- പത്രവായന

* LSS പരിശീലനം

## ആഗസ്റ്റ്

- വിദ്യാരംഗം, സർഗ്ഗ വേള, ബാലസഭ എന്നിവ സ്കൂളിൽ നടത്തുന്നു. പങ്കാളിത്തം ഉറപ്പുവരുത്തുന്നു
- പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ്

# ഗണിതം

## ജൂൺ

- വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ, മൂല്യനിർണയം
- ഒറിഗാമി രൂപങ്ങൾ നിർമ്മാണം പ്രദർശനം
- ഗണിത ലാബ് - പഠനത്തിൽ ഉപയോഗപ്പെടുത്തൽ
- രൂപങ്ങൾ പരിചയപ്പെടൽ
- പസിൽ കോർണർ നിർമ്മിക്കൽ
- ചതുരക്കട്ട, ഗോളം, സമചതുരം, വൃത്തസ്തൂപിക മാതൃക പരിചയപ്പെടൽ
- ടാൻഗ്രാം വിവിധ രൂപങ്ങൾ ഉണ്ടാക്കൽ

## ജൂലൈ

- നാലക്കസംഖ്യകൾ : പ്രവർത്തനം പൂർത്തിയാക്കൽ പ്രശ്നപരിഹരണം
- അബാക്കസ് നിർമ്മാണം

- പ്രശ്നോത്തരി ക്ലാസിൽ നടത്തൽ
  ഗുണന പ്രശ്നങ്ങൾ പരിഹരിക്കൽ
- കളിനോട്ട്, നാണയങ്ങൾ ഉപയോഗപ്പെടുത്തൽ
- അനുയോജ്യമായ പ്രവർത്തനങ്ങൾ പൂർത്തി
  യാക്കൽ
- നാലക്ക സംഖ്യ സങ്കലനം, വ്യവകലനം
  പ്രശ്നപരിഹാരങ്ങൾ

## ആഗസ്റ്റ്

- ക്ലോക്ക് നിർമ്മാണം
- സമയത്തെക്കുറിച്ച് ധാരണ ഉണ്ടാക്കൽ
- നടത്ത മത്സരം
- ക്ലാസിൽ കോർണർ

# English

- pretest

To develop listening skills & reading skills first

- Listening skills

Games, Action songs, conversations. skit

stories

use ICT

- speaking skills

Descriptions. growing sentences. picture reading picture description self introduction Assembly activities speech, book review quizz riddles self indroduction. school radio, D

[illegible]

- **Reading Skills**

News paper reading, library books reading
book review, reading breaking news.
find words. collect and read past tens, rhyming words, describing words etc
Text book activities.

- **writing Skills**

Make a word web. picture description
word chain sentence chain
make words and sentence make riddles
conversations add more lines, develop
story. description, notice proclamation,
diary, letter announcement,
magazines.



